RTI

<u>വിവരാവകാശനിയമം 2005 പ്രകാരം സമർപ്പിക്കുന്ന അപേക്ഷ.</u>

000006

From,
VINEETH KUMAR K.R.
KATTILPARAMBIL (H)
MUTTAMBALAM P.O
KOTTAYAM , PIN 686004

To,
The Public Information Officer,
Directorate of Social Justice, 5th floor, Vikas Bhavan, PMG,
Trivandrum - 695033

വിഷയം: വിവരാവകാശ നിയമം 2005 പ്രകാരം താങ്കളുടെ ഡിപ്പാർട്ടുമെന്റിലെ ക്ലർക്കു(LDC/തത്തുല്യം) തസ്തികകളിലേ നിയമനങ്ങളെക്കുറിച്ചു താഴെ ആവശ്യപ്പെടുന്ന വിവരങ്ങൾ എത്രയും വേഗം ലഭ്യമാക്കുക.

1- താങ്കളുടെ ഡിപ്പാർട്മെന്റിൽ 2012 ജനുവരി 1 മുതൽ ഈ അപേക്ഷക്കു മറുപടി അയക്കുന്നത് വരെയുള്ള കാലയളവിൽ ക്ലർക്കു (LDC/തത്തുല്യം) തസ്തികയിൽ നടത്തിയ എല്ലാ ആശ്രിത/സമാശ്വാസ തൊഴിൽ ദാന നിയമനങ്ങളുടെയും , ഉത്തരവുകളുടെ/ഓർഡറുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകുക.(സൂപ്പർ ന്യൂമററി തസ്തികകൾ ഒഴികെ ഉള്ള ആശ്രിത നിയമനങ്ങളുടെ പകർപ്പാണ് ആവശ്യപ്പെടുന്നത് , ഉദ്യോഗാർത്ഥിയുടെ പേരു , നിയമന തീയതി ,നിയമിക്കപ്പെട്ട ജില്ല എന്നീ വിവരങ്ങൾ അടങ്ങിയ ഉത്തരവിന്റെ പകർപ്പാണ് വേണ്ടത്)

2- താങ്കളുടെ ഡിപ്പാർട്മെന്റിൽ ക്ലർക്കു തസ്തികയിൽ 2012 ജനുവരി 1 മുതൽ ഈ അപേക്ഷക്കു മറുപടി അയക്കുന്നത് വരെയുള്ള കാലയളവിൽ ക്ലർക്കു/(LDC/തത്തുല്യം) തസ്തികകളിൽ സൂപ്പർ ന്യൂമററി പോസ്റ്റിൽ നിയമനം നടത്തിയ എല്ലാ ആശ്രിത/സമാശ്വാസ തൊഴിൽദാന നിയമനങ്ങളുടെയും ഉത്തരവുകളുടെ/ഓർഡറുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകുക.

3- താങ്കളുടെ ഡിപ്പാർട്മെന്റിൽ സൂപ്പർ ന്യൂമററി വഴി ആശ്രിത/സമാശ്വാസ തൊഴിൽ ദാന നിയമനം നേടിയ ക്ലർക്കുമാരെ 2012 ജനുവരി 1 മുതൽ ഈ അപേക്ഷക്കു മറുപടി അയക്കുന്നത് വരെയുള്ള കാലയളവിൽ ക്ലർക്കു തസ്തികയിൽ ഉണ്ടായ ഒഴിവിൽ regularise ചെയ്തിട്ടുണ്ടെങ്കിൽ പ്രസ്തുത ഓർഡറുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകുക.

***<u>വിവരാവകാശനിയമപ്രകാരം ഉള്ള മറുപടി കൃത്യവും,സുതാര്യവും അനുവദിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ ലഭ്യമാക്കുന്നതിനായി വിവരങ്ങളെ സംബന്ധിച്ചുള്ള മറ്റു വസ്തുതകളും, നിയമത്തിൽ പറഞ്ഞിരിക്കുന്ന ശ്രദ്ധിക്കപ്പെടേണ്ട കാര്യങ്ങളും ഇവിടെ ചേർക്കുന്നു.</u>***

* ആവശ്യപ്പെട്ട വിവരങ്ങൾ എല്ലാം തന്നെ ഡിപ്പാർട്മെന്റുകളുടെ ആസ്ഥാന കാര്യാലയത്തിൽ ലഭ്യമായ വിവരങ്ങൾ ആണ്. ആശ്രിത നിയമനം നൽകുമ്പോൾ ആസ്ഥാന കാര്യാലയത്തിൽ നിന്നുമാണ് ഉത്തരവ് സാധാരണഗതിയിൽ പുറപ്പെടുവിക്കാറുള്ളത്. അല്ലാത്തപക്ഷം പ്രസ്തുത ഓർഡറുകൾ പുറപ്പെടുവിക്കുന്ന ഓഫീസിൽ നിന്നും ഉത്തരവിന്റെ പകർപ്പ് ആസ്ഥാന കാര്യാലയത്തിൽ അറിവിലേക്കായി/സൂക്ഷിപ്പിനായി അയച്ചു കൊടുക്കുകയും ചെയ്യും.കൂടാതെ പ്രസ്തുത ഓർഡറുകളുടെ പകർപ്പ് p&ard യുടെ 1/402/2016/ഉ.ഭ.പ.വ സർക്കുലർ പ്രകാരം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന വിധത്തിൽ താങ്കളുടെ ഓഫീസു വെബ്സൈറ്റിൽ പരസ്യപ്പെടുത്തേണ്ടതുമാണ്. മേൽ ആവിശ്യപ്പെടുന്ന വിവരങ്ങൾ എല്ലാം തന്നെ വിവരാവകാശ നിയമപ്രകാരം പരസ്യപ്പെടുത്തേണ്ട പൊതു വിവരങ്ങൾ ആയതിനാലും പ്രസ്തുത വിവരങ്ങൾ താങ്കളുടെ ഓഫീസിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമാക്കാത്തക്ക രീതിയിൽ സൂക്ഷിച്ചു വെച്ചിരിക്കേണ്ട വിവരങ്ങൾ ആയതിനാൽ വിവരങ്ങൾ ക്രോഡീകരിച്ചു

സൂക്ഷിച്ചില്ല മുതലായ സാങ്കേതിക പ്രശ്നങ്ങൾ കാണിച്ചു വിവരങ്ങൾ നിഷേധിക്കരുത് എന്നു അപേക്ഷിക്കുന്നു.

ആവശ്യപ്പെടുന്ന വിവരങ്ങൾ ഏതെങ്കിലും ആവശ്യപ്പെടുന്ന രീതിയിൽ ലഭ്യമല്ല എങ്കിൽ ലഭ്യമായ രീതിയിൽ നൽകേണ്ടതാണ്.വിവരങ്ങൾ ലഭിക്കാനും പകർപ്പുകൾ എടുക്കാനും വേണ്ടി വരുന്ന അധിക തുക എങ്ങനെ കണക്കു കൂട്ടി എന്നും എപ്രകാരം ആണ് അടക്കേണ്ടതെന്നും **(ചെലാൻ വഴി ആണ് അടക്കേണ്ടതെങ്കിൽ ഹെഡ് ഓഫ് അക്കൗണ്ട് നൽകുക)** മറുപടിയിൽ വ്യക്തമാക്കേണ്ടതാണ്.

***വിവരങ്ങൾ തപാൽ മുഖേന ലഭ്യമാക്കേണ്ടതാണ്. വിവരങ്ങൾ നേരിട്ടു വന്നു പരിശോധിക്കാൻ അപേക്ഷകനു സാധിക്കുകയില്ല.**

**സെൻട്രൽ ഇൻഫർമേഷൻ കമ്മീഷൻ ഫയൽ നമ്പർ CIC/MPTRS/A/2017/109173 ലെ ഓർഡർ (ഒരു പരാതിയുമായി ബന്ധപ്പെട്ട തീർപ്പ് കല്പിച്ചപ്പോൾ) പ്രകാരം SPIO യുടെ കൈവശം ഉള്ളരേഖകളുമായി ബന്ധപ്പെട്ട ഏത് ചോദ്യത്തിനും , സംശയത്തിനും അദ്ദേഹം മറുപടി തരുവാൻ ബാധ്യസ്ഥൻ ആണെന്നും, അദ്ദേഹത്തിന്റെ കൈവശം രേഖകൾ ഇല്ലെങ്കിൽ പ്രസ്തുത പബ്ലിക് ആതോറിറ്റിയുടെ ഏത് ഓഫീസിൽ ആണോ ഇത് ഉള്ളത് അവിടെനിന്നും ശേഖരിച്ചു ലഭ്യമാക്കാനും നിർദേശിച്ചിട്ടുണ്ട് . പ്രസ്തുത ഓർഡറിന്റെ പകർപ്പ് സെൻട്രൽ ഇൻഫർമേഷൻ കമ്മീഷൻ വെബ്സൈറ്റ് ൽ ലഭ്യമാണ്**

**If the information is available in the same Public authority, it is clearly the job of the PIO to collect the information from the units or different offices by seeking assistance as envisaged in Section 5(4)and give it to the applicant.**

**വിവരാവകാശനിയമം 4(a) വകുപ്പ് പ്രകാരം ഓരോ പൊതു അധികാരസ്ഥാനവും അതിന്റെ എല്ലാ രേഖകളും ഈ നിയമം വഴിയായുള്ള അറിയാനുള്ള അവകാശം സുഗമമായി ലഭ്യമാക്കുന്നതിലേക്ക് തരം തിരിച്ച് പട്ടികയുണ്ടാക്കി അനുയോജ്യമായ രീതിയില് സൂക്ഷിക്കുക, കൂടാതെ കമ്പ്യൂട്ടറില് സൂക്ഷിക്കാനുതകുന്ന വിവരങ്ങള് ന്യായമായ സമയത്തിനുള്ളിലും വിവരലഭ്യതയുടെ അടിസ്ഥാനത്തിലും കംബ്യൂട്ടറില് ലഭ്യമാകുന്നു എന്ന് ഉറപ്പുവരുത്തുകയും അത്തരം വിവരങ്ങള് രാജ്യവ്യാപകമായി ഒരു നെറ്റ് വർക്കിലൂടെ ബന്ധിപ്പിച്ചുകൊണ്ട് ലഭ്യത സുഗമമാക്കുക, ഉറപ്പുവരുത്തുക എന്നത് വ്യവസ്ഥ ചെയ്യിരിക്കുന്നു**

വിശ്വസ്തതയോടെ

തീയതി: 29-12-2018

പേര്: വിനീത് കുമാർ കെ.ആർ

സ്ഥലം: കോട്ടയം

ഒപ്പ് :